(Pages : 4+Map) 620

Sl.No. 390407

# S.S.L.C. EXAMINATION, MARCH - 2013

## SOCIAL SCIENCE (Malayalam)

Time : 2½ Hours Total Score : 80

*നിർദ്ദേശങ്ങൾ :*

1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
2) ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
3) ഓരോ ചോദ്യത്തിന്റെയും സ്കോർ അതത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.
4) പതിനഞ്ച് മിനിട്ട് സമാശ്വാസസമയമായി (Cool off time) കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

[Score]

Q1) കേന്ദ്രസർക്കാർ 1953-ൽ നിയമിച്ച സംസ്ഥാന പുനഃസംഘടനാ കമ്മീഷനിലെ ഏതെങ്കിലും രണ്ട് അംഗങ്ങളുടെ പേരെഴുതുക. കമ്മീഷന്റെ ഏതെങ്കിലും ഒരു ശുപാർശ എഴുതുക. [3]

Q2) ഏഷ്യ ഭൂഖണ്ഡത്തിലെ ഏതെങ്കിലും നാലു കാലാവസ്ഥാ മേഖലകളേയും അവയുടെ കാലാവസ്ഥാ സവിശേഷതകളേയും കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. [4]

Q3) ഫ്രഞ്ച് വിപ്ളവം പൊട്ടിപ്പുറപ്പെടുന്നതിൽ റൂസ്സോ വഹിച്ച പങ്ക് പരിശോധിക്കുക. [2]

Q4) ജലസംഭരണികളുടെ രൂപീകരണം ആഗോളതാപനം വർദ്ധിക്കുന്നതിന് ഇടയാകുന്നതെങ്ങനെ ? [2]

Q5) ദേശീയോദ്ഗ്രഥനം എന്നാലെന്ത് ? ഇന്ത്യയുടെ എല്ലാ തലത്തിലുമുള്ള ഉദ്ഗ്രഥനത്തിന് തടസ്സമായി പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു ഘടകത്തിന്റെ പേരെഴുതുക. [2]

P.T.O.

[SCORE]

Q6) ഭൗമോപരിതലത്തിൽ രൂപം കൊണ്ടിട്ടുള്ള വിവിധ മർദ്ദമേഖലകൾ വിവിധതരം കാറ്റുകൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി സ്ഥിരവാതങ്ങളുടെ വിതരണം വിവരിക്കുക. 14 [6]

**അല്ലെങ്കിൽ**

ഉത്തരപർവ്വതമേഖലയെ ആ മേഖലയിൽ സ്ഥിതിചെയ്യുന്ന പർവ്വത നിരകളുടെ അടിസ്ഥാനത്തിൽ മൂന്നായി തിരിച്ചിരിക്കുന്നു. ഏതൊക്കെയാണ് ഇവ ? ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സവിശേഷതകൾ കുറിക്കുക. 60 ഹിമാചൽ നിരകൾ, ട്രാൻസ് ഹിമാലയൻ നിരകൾ, കിഴക്കൻ മലനിരകൾ/പൂർവാചൽ

Q7) ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണത്തിനായുള്ള രണ്ട് ഔദ്യോഗിക സംവിധാനങ്ങൾ ഏവ ? 13 വനം പരിസ്ഥിതി മന്ത്രാലയം, മലിനീകരണ നിയന്ത്രണ ബോർഡുകൾ [2]

Q8) ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചത്. സംഘടനയുടെ മറ്റേതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക. 168 [3]

Q9) പുത്തൻ സാമ്പത്തികനയം റഷ്യൻ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ സഹായിച്ചുവെന്ന് വിശദമാക്കുക. 64 [3]

Q10) ഇന്ത്യയുടെ എല്ലാ ഭാഗത്തും ഒരു പോലെയല്ല ജനസംഖ്യ വിതരണം ചെയ്തിട്ടുള്ളത്. ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും നാല് ഘടകങ്ങളെ ആസ്പദമാക്കി ഈ പ്രസ്താവന പരിശോധിക്കുക. കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, ജലസേചന സൗകര്യങ്ങൾ, ധാതുക്കളുടെ നിക്ഷേപം, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ [4]

Q11) സോവിയറ്റ് യൂണിയന്റെ തകർച്ചയുടെ കാരണങ്ങൾ പരിശോധിക്കുക. ഇത് ഏകധ്രുവലോകത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ചതെങ്ങനെ ? 89 [4]

Q12) ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്പ് എന്നാലെന്ത് ? ആകാശീയ ചിത്രങ്ങളുടെ ത്രിമാന ദൃശ്യം സാധ്യമാക്കുന്ന ഉപകരണമേത് ? [2]

25 Stereoscope

Q13) പതിനെട്ടാം നൂറ്റാണ്ടിലെ ഇന്ത്യയിലെ ആഭ്യന്തരസാഹചര്യങ്ങൾ സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിന് അനുകൂലമായിരുന്നു. സമർത്ഥിക്കുക. 40 [3]

[SCORE]

Q14) വിവിധങ്ങളായ മണ്ണിനങ്ങളാൽ രൂപം കൊണ്ടിട്ടുള്ള ഭൂവിഭാഗമാണ് ഇന്ത്യയുടെ തീരപ്രദേശം. ഇവിടെ കാണുന്ന മണ്ണിനങ്ങളും അവ പ്രധാനമായും കാണപ്പെടുന്ന പ്രദേശങ്ങളും ഏതൊക്കെയെന്ന് എഴുതുക. [3]

Q15) അസംഘടിത മേഖലയിൽ ജോലിചെയ്യുന്നവർക്ക് സംഘടിതമേഖലയിൽ ജോലിചെയ്യുന്നവരെപോലെ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഉദാഹരണസഹിതം സമർത്ഥിക്കുക. [3]

Q16) ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. ഏതെങ്കിലും രണ്ട് മുന്നൊരുക്കങ്ങൾ കണ്ടെത്തി അവ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതെങ്ങനെയെന്ന് പരിശോധിക്കുക. [4]

Q17) ചില ശാസ്ത്രജ്ഞരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

- ചാൾസ് ഡാർവിൻ
- മാക്സ് പ്ലാങ്ക്
- ആൽബർട്ട് ഐൻസ്റ്റീൻ

ഇവരുടെ സിദ്ധാന്തങ്ങളുടെ പേരെഴുതുക. [3]

Q18) ജലഗതാഗത മാർഗ്ഗങ്ങളെ എങ്ങനെ വർഗ്ഗീകരിക്കാം ? കേരളത്തിലെ കായലുകൾ കേന്ദ്രീകരിച്ചുള്ള ജലഗതാഗതമേത് ? ഇന്ത്യയുടെ മറ്റ് ഏതൊക്കെ ഭാഗങ്ങളിലാണ് ഈ ജലഗതാഗതം കേന്ദ്രീകരിച്ചിരിക്കുന്നത് ? [3]

Q19) എക്സൈസ് ഡ്യൂട്ടിയും കസ്റ്റംസ് തീരുവയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. [2]

Q20) കേരളത്തിലെ നവോത്ഥാന നായകന്മാർ ജാതീപരമായ അവശതകൾക്കെതിരെ സൈദ്ധാന്തികമായും പ്രായോഗികമായും പോരാടിയിരുന്നു. പരിശോധിക്കുക. [6]

**അല്ലെങ്കിൽ**

കേരളത്തിൽ സ്വാതന്ത്ര്യസമരം 1920-ന് ശേഷം വളരെ സജീവമായിരുന്നു. സമർത്ഥിക്കുക.

[SCORE]

*Q21)* സഹകരണബാങ്കുകളുടെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക. കേരളത്തിലെ സഹകരണബാങ്കുകളുടെ ഘടന വ്യക്തമാക്കുക. [3]

*Q22)* അമേരിക്കൻ വിപ്ളവവും ഫ്രഞ്ച് വിപ്ളവവും മനുഷ്യാവകാശങ്ങളുടെ വളർച്ചയുടെയും വികാസത്തിന്റെയും നാഴികക്കല്ലുകളായി കണക്കാക്കുന്നു. മനുഷ്യാവകാശങ്ങളുടെ രൂപപ്പെടലിന് ഈ വിപ്ലവങ്ങൾ സഹായകമായതെങ്ങനെ ? [3]

*Q23)* മതനവീകരണ നേതാക്കളെയും അവർ പ്രതിനിധാനം ചെയ്യുന്ന രാജ്യങ്ങളെയും അടിസ്ഥാനമാക്കി താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക. [4]

| എ | ബി |
|---|---|
| • ? Germany | • മാർട്ടിൻ ലൂഥർ |
| • സ്വിറ്റ്സർലാന്റ് | • ? ഉൾറിക്ക് സ്വിംഗ്ലി |
| • ? England | • ഹെൻറി എട്ടാമൻ |
| • ഫ്രാൻസ് | • ? John Calvin |

*Q24)* വിവരസാങ്കേതിക രംഗത്തുണ്ടായ വളർച്ചയെക്കൂടാതെ ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ മറ്റ് ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക. [2]

*Q25)* ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്ന ഭൂവിവരങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക. [4]

a. ആരവല്ലി പർവ്വതം

b. താപ്തി നദി

c. അരുണാചൽപ്രദേശ് സംസ്ഥാനം

d. വിശാഖപട്ടണം.

0000